## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2585** — **09.05.2017 ൽ മറുപടിയ്ക്ക്**

### റബ്ബർ ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ റബ്ബർ കർഷകരുടെ ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) റബ്ബർ വിലസ്ഥിരതാ പദ്ധതി കൂടുതൽ കാര്യക്ഷമമായി നട്പ്പാക്കി വരികയാണ് . പ്രസ്തുത പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് വിപണി വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം കർഷകന് നേരിട്ട് കൈമാറി വരികയാണ്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര റബ്ബർ കർഷകർക്ക് സബ്സിഡി ആനുകൂല്യം ലഭിച്ചു ; ഇതുവഴി എത്ര രൂപയാണ് സബ്സിഡിയായി കർഷകർക്ക് നൽകിയത്; | (ബി) റബ്ബർ വിലസ്ഥിരതാ പദ്ധതി പ്രകാരം ഇതുവരെ 748.55 കോടി രൂപ 3,34,270 കർഷകർക്കായി 28,09,775 ബില്ലുകളിലായി കൈമാറിയിട്ടുണ്ട്. ഒരേ കർഷകർക്കു തന്നെ പല ബില്ലുകളിലായി പലകാലയളവുകളിൽ സബ്സിഡി കൈമാറുമെന്നതിനാൽ ഒരു പ്രത്യേക കാലയളവിൽ എത്ര കർഷകർക്ക് സബ്സിഡി നൽകി എന്നത് തിട്ടപ്പെടുത്താൻ സാധിക്കുകയില്ല. |
| സി) റബ്ബർ സംഭരണം ഇപ്പോൾ സർക്കാർ നടത്തുന്നുണ്ടോ; എത്ര ടൺ ഇതു വരെ സംഭരിച്ചു; | (സി) & (ഡി) റബ്ബർ വിലസ്ഥിരതാ പദ്ധതി ഒരു സംഭരണ പദ്ധതിയല്ല. റബ്ബറിന് ന്യായവില ഉറപ്പാക്കി വിപണിവിലയും ന്യായവിലയും തമ്മിലുള്ള വ്യത്യാസം കർഷകന് നേരിട്ട് കൈമാറുകയാണ് ചെയ്തു വരുന്നത്. |
| ഡി) നേരത്തേ റബ്ബർ സംഭരണം നടത്തുന്നതിന് നിശ്ചയിച്ച ഏജൻസികൾ കർഷകരിൽ നിന്നും റബ്ബർ സ്വീകരിക്കാതെ വൻ കിടക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നും റബ്ബർ വാങ്ങി സംഭരണത്തിലെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ തന്നെ അട്ടിമറിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |

(....2)

| | | | |
|---|---|---|---|
| (ഇ) | റബ്ബർ കർഷകർക്ക് വിലസ്ഥിരത ലഭിക്കാൻ കഴിയുംവിധം, റബ്ബർ ഉപയോഗിച്ച് ടാറിംഗ് നടത്താൻ എന്തെങ്കിലും നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാ ക്കാമോ? | (ഇ) | ഇതു സംബന്ധിച്ച കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ച് ദേശീയ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പല പഠനങ്ങൾ നടത്തുകയും റബ്ബറൈസ്ഡ് റോഡിന്റെ മേന്മ മനസിലാക്കുകയും ഉണ്ടായി എന്നാൽ ബിറ്റുമിൻ റോഡിനെ അപേക്ഷിച്ച് 15 മുതൽ 20% വരെ അധിക ചിലവ് വരുമെന്നതിനാൽ ഇതിന്റെ പ്രായോഗികത സംബന്ധിച്ച് പരിശോധിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ